LIBRARY ARCHIVES Kerala Legislative Assembly

## ബസ്സപകടങ്ങൾ.

൪൮൪. [നം ൪] ശ്രീ. കുഞ്ഞിമൊഹമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറുമാസത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അവ എവിടെയെല്ലാം;

(സി) ഈ അപകടകാരണങ്ങളെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ബസ്സപകടത്തിനു കാരണക്കാരായ ജോലിക്കാരുടെ മേൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(ഇ) ഈ അപകടങ്ങൾ മൂലം എത്ര പേർക്ക് ജീവഹാനിയും എത്ര പേർക്ക് പരുക്കുകളും പറ്റിയിട്ടുണ്ട്?

### ഉത്തരം.

(എ) ഏഴു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നലിസ്റ്റ് നോക്കുക ‡

(സി) പോലീസ് അന്വേഷിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ൨൦ പേർക്ക് ജീവഹാനിയും ഏഴു പേർക്ക് പരുക്കുകളും പറ്റിയിട്ടുണ്ട്.

## ഗ്രാമറോഡ് ഡെവലപ്പ്മെൻറ്.

൪൮൫. [നം൯] ശ്രീ. കുഞ്ഞിമൊഹമ്മൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമറോഡ് ഡെവലപ്പ്മെൻറിന്റെ അനുസരിച്ച് കോതകുളങ്ങര മഞ്ഞപ്ര, മാണിക്കമംഗലം, മലയാറ്റൂർ ഈ പ്രദേശങ്ങളിൽ ഏതെങ്കിലും റോഡുകൾ ഇതുവരെ പണിചെയ്തിട്ടുണ്ടോ?

### ഉത്തരം.

ഇല്ല.

## കടത്തുകാരുടെ ശമ്പളം.

൪൮൬. [൪൦] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ പ്രദേശത്ത് റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഉണ്ടായിരുന്ന കടത്തുകൾ ഇപ്പോൾ പൊതുമരാമത്തു വകുപ്പിന്റെ

‡ Please see Appendix VIII.

ചുമതലയിൽ ആക്കിയിട്ടുള്ളതിലെ കടുത്തകാക്കു്, റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുക്കേണ്ട ശമ്പളബാക്കി ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഉടനെ കൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ശമ്പളം കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്

ലിഫ്റ്റ് ഇറിഗേഷൻ.

൪൭൭. [൨] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻ പറവൂർ താലൂക്കിൽ എത്ര ഏക്കർ സ്ഥലത്തു് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തിയിട്ടുണ്ടു്; ഏതൊക്കെയാണു് ഏർപ്പെടുത്തിയതു്;

(ബി) ഇതിനു് എത്ര മൂലധനം മുടക്കിയിട്ടുണ്ടു്;

(സി) തിന്റെ മെയിൻറനൻസിനും, ശമ്പളത്തിനുംവേണ്ടി വർഷംപ്രതി എത്ര ചെലവാകുന്നു;

(ഡി) ഇറിഗേഷൻ ഏർപ്പെടുത്തിയപ്പോൾ ഒരേക്കറിനു് എത്ര വാട്ടർ സെസ്സു പിരിച്ചു;

(ഇ) ആ റേറു് ഭേദപ്പെടുത്തിയോ; എപ്പോഴെല്ലാം എത്ര ഭേദഗതികൾ വരുത്തി; ഇപ്പോൾ നിലവിലിരിക്കുന്ന റേറു് എന്താണു്;

(എഫ്) ഇറിഗേഷൻ ഏർപ്പെടുത്തിയതിനുശേഷം ഇന്നേവരെ മൊത്തം പിരിച്ചെടുത്തിട്ടുള്ള വാട്ടർ സെസ്സിന്റെ തുകയെത്ര?

ഉത്തരം.

(എ) ൫൯൦൦ ഏക്കർ. ഫർവ്വൽ.

(ബി) രൂപ ൯൩,൦൩,൭൫൩–ഫ൯–൯.

(സി) രൂപ ൯,൦൦,൦൦൦.

(ഡി) കൊല്ലത്തിൽ ൯൫ ക.

(ഇ) ഭേദപ്പെടുത്തി. ൯൯൫-ാമാണ്ടു് ഈ റേറു് ൫൫ ക. യായി വർദ്ധിപ്പിച്ചു. ആ റേറുതന്നെയാണു് ഇപ്പോൾ നിലവിലിരിക്കുന്നതു്.

(എഫ്) രൂപ ൯,൫൫,൭൭൩–ൻ–൭.

LIBRARY ARCHIVES Kerala Legislative Assembly